# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ - സൂക്ഷ്മ സംരംഭങ്ങൾക്ക് ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

***<u>Order No. 2979-D-2017-KSHO dated. 30-03-2017</u>***

കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിതമായിട്ടുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾക്ക് ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് പരാമർശ പ്രകാരം പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ ഭേദഗതികൾ വരുത്തി പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുന്നു. ആയത് അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

**അംഗീകാരത്തോടെ,**

**ഡയറക്ടർ (എ&എഫ്)**

# സൂക്ഷ്മ സംരംഭങ്ങൾക്ക് ഇന്നവേഷൻ ഫണ്ട് -

# പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം:**

നൂതനമായ സംരംഭ ആശയങ്ങൾക്കും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങൾക്ക് തങ്ങളുടെ അടിസ്ഥാന സൗകര്യം, യന്ത്ര സാമഗ്രികൾ, പ്രവർത്തന രീതി, പ്രവർത്തന മണ്ഡലം എന്നീ മേഖലകളിൽ നുതനമായ മാറ്റം വരുത്തുന്നതിനാണ് ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കുന്നത്.

## A. സൂക്ഷ്മ സംരംഭങ്ങൾ

**യോഗ്യതാമാനദണ്ഡം:**

1) കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച/ വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ

2) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

മേൽപറഞ്ഞ സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇന്നവേഷൻ ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1. നൂതന ആശയ സംരംഭങ്ങൾക്ക് സബ്സിഡിയോടൊപ്പം ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കാം.
2. നിലവിലുള്ള സംരംഭമാണെങ്കിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിന് കുറഞ്ഞത് ഒരു വർഷക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയ്ക്ക്
3. ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ ഇന്നവേഷൻ ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളു.

**ധനസഹായം:**

മേൽപ്രതിപാദിച്ച സാഹചര്യത്തിൽ ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന ബിസിനസ്സ് ആക്ടിവിറ്റി സംബന്ധിച്ച് വിശദമായ പ്രോജക്ട് സംരംഭകർ തയ്യാറാക്കേണ്ടതാണ്. പുതിയ സംരംഭമാണെങ്കിൽ

സബ്സിഡിയും ഇന്നവേഷൻ ഫണ്ടും ഉൾപ്പടെ മൊത്തം പ്രോജക്ട് തുകയുടെ 50% ൽ അധികരിക്കാൻ പാടുള്ളതല്ല. നിലവിലുള്ള സംരംഭമാണെങ്കിൽ പ്രോജക്ടിൽ വരുത്താൻ ഉദ്ദേശിക്കുന്ന നൂതനമായ മാറ്റങ്ങൾക്ക് ആവശ്യമായ തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 3,50,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക(ർ) നിശ്ചിത ഫോർമാറ്റിലുള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് - പുതുതായി തയ്യാറാക്കിയത്
2) ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ (നിലവിലുള്ള സംരംഭമാണെങ്കിൽ)
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) പ്രോജക്ടിൽ തുടരാൻ താല്പര്യപ്പെടുന്ന വ്യക്തി/അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ (നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന സംരംഭത്തിന്റെ) വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് എംഇസിയുടെ ശുപാർശ
7) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (പ്രവർത്തനത്തെ സംബന്ധിച്ചും പുതിയ പ്രോജക്ട്, പ്രസ്തുത പദ്ധതിയുടെ സാധ്യത എന്നിവ പ്രത്യേകം പരാമർശിക്കണം).

സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം നടത്തി ജില്ല

കോ–ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ ചെയ്യേണ്ടതാണ്. ജില്ലാ തലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ല കോ–ഓർഡിനേറ്ററർ അപേക്ഷ സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതും തുക സംസ്ഥാന മിഷനിൽ നിന്നും പരിശോധനയ്ക്ക് വിധേയമായി നൽകുന്നതുമാണ്.

സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.

1) എക്സിക്യൂട്ടീവ് ഡയറക്ടർ – അദ്ധ്യക്ഷ
2) ഡയറക്ടർ (എ & എഫ്) – കൺവീനർ
3) പ്രോഗ്രാം ഓഫീസർ (എം.ഇ) – അംഗം
4) അക്കൗണ്ട്സ് ഓഫീസർ – അംഗം.
5) കൺസൾട്ടന്റ്(എംഇ) – അംഗം
6) ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് (എംഇ)– അംഗം

**മോണിറ്ററിംഗ്**

ഇന്നവേഷൻ ഫണ്ട് അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക പദ്ധതി പ്രകാരം ഉപയോഗിച്ചുവെന്നത് ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്കാണ്. ആയതിനാൽ എം.ഇ. ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് സന്ദർശനം നടത്തി ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ സമർപ്പിക്കേണ്ടതുമാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസനം എന്ന ശീർഷകത്തിലെ ഇന്നവേഷൻ ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച തുക അനുവദിച്ച ഉത്തരവ്, യൂണിറ്റ് സന്ദർശന റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പ്രത്യേക ഫയൽ ആയി ജില്ലാ മിഷനിൽ സൂക്ഷിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**